പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6365

03.04.2018-ന് മറുപടിയ്ക്ക്

## വനത്തിലെ നദികളിലെ മണൽ ശേഖരിച്ച് വിൽപന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വനത്തിലൂടെ ഒഴുകുന്ന നദികളിൽ നിന്ന് വാണിജ്യാടിസ്ഥാനത്തിൽ മണൽ ശേഖരിച്ച് വിൽപ്പന നടത്തുന്നതിന് വനം വകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | തിരുവനന്തപുരം ഡിവിഷനിൽ കുളത്തുപ്പുഴ റെയിഞ്ചിന്റെ പരിധിയിൽ വരുന്ന കല്ലട ആറിന്റെ മിൽപ്പാലം, ചോഴിയക്കോട് എന്നീ അംഗീകൃത കടവുകളിൽ നിന്ന് നിയമാനുസരണം മണൽ ശേഖരിച്ച് വിപണനം നടത്തുവാൻ 23.11.2017 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) 456/2017/വനം പ്രകാരം ഉത്തരവാകുകയും ആയതിന് ഭേദഗതികൾ വരുത്തി 26.03.2018 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) 153/2018/വനം പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സംരക്ഷിത വനമേഖലകളിൽ ബാഹ്യ ഇടപെടലുകൾക്കും വനം കൊള്ളയ്ക്കും പരിസ്ഥിതി ശോഷണത്തിനും വഴി തെളിക്കുന്ന ഈ തീരുമാനത്തിൽ നിന്നും പിന്മാറുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | കുളത്തുപ്പുഴയാറിൽ സർക്കാർ ഉത്തരവ് പ്രകാരം സാന്റ് ഓഡിറ്റ് നടത്തി ആയത് സർക്കാർ അംഗീകരിച്ച് അതിന്റെ വെളിച്ചത്തിലാണ് ചോഴിയക്കോട്, മിൽപ്പാലം എന്നീ കടവുകളിൽ നിന്ന് മണൽ ശേഖരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. കൂടാതെ കൊല്ലം ജില്ലാ പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ പാരിസ്ഥിതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ബാഹ്യ ഇടപെടലുകൾ ഉണ്ടാകാത്തവിധം പ്രാദേശിക വന സംരക്ഷണ സമിതി വഴി പരിസ്ഥിതിക്ക് ദോഷമുണ്ടാകാത്ത തരത്തിൽ വനം വകുപ്പിന്റെ മേൽനോട്ടത്തിലും, ഉത്തരവാദിത്വത്തിലുമാണ് മണൽ ശേഖരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇങ്ങനെ ശേഖരിക്കുന്ന മണൽ അർഹരായ ഉപഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പാക്കത്തക്ക തരത്തിലാണ് ഇതിന്റെ വിപണനം വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ